

മാർച്ച് 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

കൊറോണ മഹാമാരിയുടെ മദ്ധ്യേ അനുഗ്രഹപ്രദമായ വചനമാരിയായി 126-ാമത് മാരാമൺ കൺവൻഷൻ പര്യവസാനിച്ചു എന്നതിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. അതിജീവനത്തിന്റെ മഹത്തായ ഉദാഹരണമായിരുന്നു ഈ വർഷത്തെ കൺവൻഷൻ. കേരളാ സർക്കാരിന്റെ കോവിഡ്-19 പ്രോട്ടോകോളുകൾ എല്ലാം പാലിച്ചും ഒപ്പം ഡിജിറ്റൽ മാധ്യമ സങ്കേതങ്ങളുടെ സാദ്ധ്യതകൾ ഉപയുക്തമാക്കിയും കൺവൻഷൻ ദൃശ്യങ്ങളും, ഗാനങ്ങളും, സന്ദേശങ്ങളും അനേകരിലെത്തിക്കുകയുണ്ടായി. പ്രസ്തുത ക്രമീകരണങ്ങളിൽ സഭാ ജനങ്ങൾ സഹൃദയം സഹകരിച്ചു എന്നത് ശ്ലാഘനീയമത്രെ. ദൈവസ്നേഹത്തിന്റെ പ്രതിഫലനമായ സഹിഷ്ണതയും പാരസ്പര്യവും അച്ചടക്കവും സഭാമക്കൾ പുലർത്തി എന്നത് ഏറ്റം നന്ദിയോടെ ഓർക്കുന്നു. പ്രതിസന്ധികളിൽ പ്രത്യാശയോടെ സാദ്ധ്യതകൾ തേടേണ്ടവരാണ് വിശ്വാസികൾ. അത്തരം സാദ്ധ്യതകളുടെ അന്വേഷണങ്ങൾ ദൈവ മഹത്വം കൂടുതൽ വെളിപ്പെടുത്തുന്ന തരത്തിൽ സംഗതമായ സാക്ഷ്യമാതൃകകൾക്ക് ഉപയുക്തമാകുന്നു എന്നത് ഒരു യാഥാർത്ഥ്യമത്രെ. പീഡനകാലഘട്ടത്തിലെ ചിതറിക്കപ്പെട്ട സഭയാണ് ആഗോള സഭയായി രൂപപ്പെടുന്നത്. പ്രതിസന്ധികളിൽ പ്രത്യാശാനിർഭര ജീവിതത്തിന് ദൈവം നമ്മെ സഹായിക്കട്ടെ. കൺവൻഷന്റെ ആകമാന ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കിയ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തെയും നല്ല ഗുണനിലവാരത്തിൽ കൺവൻഷന്റെ സംപ്രേക്ഷണം ഏറ്റെടുത്ത് ഭംഗിയായി നിർവ്വഹിച്ച ഡി. എസ്. എം. സി. യെയും അഭിനന്ദിക്കുന്നു.  ഏറ്റവും ക്രമീകൃതമായി യുവവേദി ക്രമീകരിച്ച മാർത്തോമ്മാ യുവജന സഖ്യത്തെ അഭിനന്ദിക്കുന്നു. സർക്കാർ തലത്തിൽ നിന്നും, ആരോഗ്യ വകുപ്പിൽ നിന്നും, മറ്റ് പ്രാദേശിക ഭരണ സംവിധാനങ്ങളിൽ നിന്നും ലഭിച്ച നിർലോഭമായ സഹകരണങ്ങൾക്കുള്ള നന്ദിയും രേഖപ്പെടുത്തുന്നു.

കൺവൻഷനുകളുടെ കാലമാണ് നാം പിന്നിട്ടത്. വചനകേഴ്വി നമ്മിൽ എന്ത് മാറ്റം വരുത്തി എന്നത് ഗൗരവതരമായ ചോദ്യമാണ്. ക്രിസ്തുവാണ് സുവിശേഷം. വചനത്തിലൂടെ ക്രിസ്തുവാണ് നമ്മോട് ഇടപെട്ടത്. കണ്ണുകൾ തുറക്കപ്പെട്ടവരായി, ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അറിഞ്ഞവരായി നമുക്കും യാത്രതുടരാം. ക്രിസ്തുവുമായി ഇടപെട്ടവർക്കൊക്കെ രൂപാന്തരം സംഭവിച്ചിട്ടുണ്ട്. അവർ തങ്ങളുടെ ജീവനയിടങ്ങളിൽ ക്രിസ്തുവിനെ സാക്ഷിച്ചു. ഈ കാലഘട്ടത്തിലും വചനകേഴ്വിക്ക് ശേഷം സംഭവിക്കേണ്ടത് അതുതന്നെയാണ്. ഇനി സുവിശേഷത്തിന്റെ പ്രയോക്താക്കളാകുകയാണാവശ്യം. നാം നമ്മുടെ പ്രാദേശിക ഇടങ്ങളിൽ, പ്രവർത്തനമേഖലകളിൽ ക്രിസ്തുവിന്റെ സാക്ഷികളാകണം. ഒരു പുത്തൻ കുടുംബ ആത്മീയത നാം രൂപപ്പെടുത്തണം. കുടുംബബന്ധം ദൃഢപ്പെടുത്തി തലമുറകളെ നഷ്ട സാധ്യതയിൽ നിന്നും വീണ്ടെടുക്കണം. ഡിജിറ്റൽ

ലോകത്തിന്റെ തിന്മവശങ്ങളിൽ നിന്നും മദ്യം-മയക്കുമരുകളുടെ പിടിയിൽ നിന്നും സമൂഹം വിടുവിക്കപ്പെടണം. നമ്മുടെ കുടുംബങ്ങളും സമൂഹവും ലഹരി മുക്തമാകണം. മാരാമൺ കൺവൻഷൻ അനേകരുടെ സമർപ്പണവേദികൂടിയാണ്. നിയോഗങ്ങൾ ഏറ്റെടുക്കുന്നിടത്താണ് വചനകേഴ്‌വി ഫലകരമാകുന്നത്. "ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്ക് വേണ്ടി പോകും"? എന്ന ദൈവശബ്ദത്തിന് മുന്നിൽ കലവറകൂടാതെ തങ്ങളെത്തന്നെ സമർപ്പിക്കുന്ന അനേകർ ഈ സഭയിൽ ഇനിയും എഴുന്നേല്ക്കണം. എന്നെ അയക്കണമെ എന്ന് നമുക്ക് പറയാം. സത്യമായതിനെ മുറുകെപ്പിടിച്ച്, സ്നേഹം, ആർദ്രത, മനസ്സലിവ് എന്നിവയിലൂടെ സാക്ഷ്യസമൂഹമായി നമുക്ക് മുന്നേറാം.

കൊറോണ വൈറസിനെ പ്രതിരോധിക്കുവാനുള്ള വാക്സിൻ ലഭ്യമായിട്ടുണ്ടെന്നത് ആശ്വാസത്തിനും പ്രതീക്ഷയ്ക്കും വക നല്കുന്നതാണ്. പല സ്ഥലങ്ങളിലും രോഗം കുറഞ്ഞിട്ടുണ്ടെങ്കിലും കേരളത്തിൽ വേണ്ടപോലെ കുറയുന്നില്ല എന്നത് ആശങ്കാജനകമാണ്. കൂടുതൽ കരുതലോടെ നാമെല്ലാവരും ജീവിക്കണം. പള്ളി ആരാധന, കൺവൻഷൻ, വിവാഹം, ശവസംസ്ക്കാരം, മീറ്റിംഗുകൾ എന്നിങ്ങനെ ജനങ്ങൾ കൂട്ടംകൂടുന്ന ഇടങ്ങളിലെല്ലാം സർക്കാരും ആരോഗ്യപ്രവർത്തകരും നിർദ്ദേശിക്കുന്ന മുൻകരുതലുകൾ സ്വീകരിക്കുവാൻ നാമെല്ലാവരും ബാധ്യസ്ഥരാണ്.

ഏകദേശം മൂന്ന് മാസങ്ങളായി രാജ്യത്ത് നടക്കുന്ന കർഷക സമരം അവസാനിച്ചിട്ടില്ല എന്നത് ഏറെ ദുഖകരമാണ്. ഡൽഹിയിലെ മരം കോച്ചുന്ന തണുപ്പിൽ സമരത്തിൽ പങ്കെടുത്ത വൃദ്ധരായ പല കർഷകർ മരിച്ചുവീണു. നമുക്ക് ആവശ്യമായ ആഹാരം ഉത്പാദിപ്പിക്കുന്ന കർഷകരെ നാം ആദരിക്കണം, അവരുടെ ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകണം. കർഷകരോട് അനുഭാവം പ്രകടിപ്പിച്ച് ഡൽഹിയിലെ നമ്മുടെ പല സഭാംഗങ്ങളും സമരത്തിൽ പങ്കെടുത്തു. ട്രാക്ടർ റാലി നടത്തിയും മറ്റുവിധത്തിലും സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച യുവജന സഖ്യത്തിന്റെ കേന്ദ്ര, ശാഖ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സമരം അവസാനിപ്പിക്കുവാൻ കേന്ദ്ര സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന ചർച്ചകൾ വിജയകരമായിത്തീരട്ടെ എന്ന് നമുക്ക് ആശിക്കാം, പ്രാർത്ഥിക്കാം.

സഭയ്ക്കുള്ളിലും വിവിധ സഭാ വിഭാഗങ്ങളിലും വളർന്നു വരുന്ന സാമുദായിക ചിന്തകൾ ആശങ്കാജനകമാണ്. വിഭാഗീയതയുടെ മതിലുകൾക്കതീതമായ ദൈവദർശനവും മനുഷ്യ ദർശനവുമായിരിക്കണം സഭയുടെ അടിത്തറ. ദളിത് ക്രൈസ്തവരുടെ വിഷയം പ്രത്യേകം പരാമർശിക്കട്ടെ. മത വിശ്വാസത്തിന്റ പേരിൽ സംവരണ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതാണ് ദളിത് ക്രൈസ്തവ പ്രശ്നം. ഭരണഘടന ഉറപ്പുനല്കുന്ന മത സ്വാതന്ത്ര്യത്തിന്റെ ലംഘനമാണത്. പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും സാമ്പത്തിക ക്ലേശമുള്ള മുന്നോക്കക്കാർക്കും പ്രയോജനകരമായ നടപടികളുമായാണ് സർക്കാരും മറ്റ് അധികാരികളും മുമ്പോട്ട് പോകേണ്ടത്. എന്നാൽ അത്തരം സമരങ്ങൾ സംഘടിത സമുദായങ്ങളുടെ അവകാശങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടമായിത്തീരരുത്, മറിച്ച് ദുർബലരുടെ, ശബ്ദമില്ലാത്തവരുടെ ശബ്ദമായിത്തീരുവാനാണ് സഭ ശ്രമിക്കേണ്ടത്.

ജനാധിപത്യത്തിലേക്ക് പിച്ചവെച്ചു തുടങ്ങിയിരിക്കുന്ന മ്യാൻമാറിൽ പട്ടാളം വീണ്ടും അധികാരം പിടിച്ചെടുത്തിരിക്കുന്നു എന്നത് ലോകരാജ്യങ്ങൾ അത്യന്തം ഉത്ക്കണ്ഠയോടെയാണ് ശ്രവിച്ചത്. കടുത്ത മനുഷ്യാവകാശ ലംഘനങ്ങളാണ് കഴിഞ്ഞ പല വർഷങ്ങളായി മ്യാന്മാറിൽ നിന്ന് നാം കേൾക്കുന്നത്. പട്ടാള ഭരണത്തിൻ കീഴിൽ മാത്രമല്ല ജനാധിപത്യത്തിന്റെ ദിനങ്ങളിലും റോഹിൻഗ്യ സമൂഹം വംശഹത്യക്ക് വിധേയരായിരുന്നു. പത്ത് ലക്ഷത്തോളം പേർ ബംഗ്ലാദേശിലുൾപ്പെടെ അഭയാർത്ഥികളായി കഴിയുന്നുണ്ട്. ഈ സാഹചര്യത്തിലാണ് ഭരണകക്ഷി നേതാവ് ആങ് സാൻ സ്യൂചി അടക്കമുള്ള പ്രമുഖ നേതാക്കളെ തടവിലാക്കിക്കൊണ്ട് സൈന്യം അധികാരം പിടിച്ചെടുത്തത്. മ്യാൻമാറിലെ ന്യൂനപക്ഷമായ ക്രൈസ്തവ സഭയും തികഞ്ഞ അനിശ്ചിതത്വത്തിന്റെ വക്കിലാണ്. ഐക്യരാഷ്ട്ര സഭയുടെയും മറ്റും നേതൃത്വത്തിൽ നടക്കുന്ന സമാധാന ചർച്ചകൾ ഫലപ്രദമാകട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

ഉത്താരഖണ്ഡിൽ അടുത്തിടെ മഞ്ഞുരുകിയുണ്ടായ വെള്ളപ്പൊക്കം അൻപതിലധികം ജീവനെടുത്തു. അനേകം ആളുകളെ കാണാതായിരിക്കുന്നു. അമേരിക്കൻ ഐക്യനാടുകളിലെ ടെക്സസ് പ്രവശ്യയിലെ അതിശൈത്യം വിദ്യുഛക്തി വിതരണത്തെയും ജലവിതരണത്തെയും സാരമായി ബാധിച്ചു. നമ്മുടെ സഭാംഗങ്ങളും ഇതിൽ ഇരകളാണ്. പ്രയാസത്തിലും ദുഖത്തിലുമായിരിക്കുന്ന ഏവരെയും ദൈവം സമാധാനിപ്പിക്കട്ടെ. ഒരു പരിധിവരെ പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന അപകടങ്ങൾ തടയുവാൻ നമുക്ക് സാധിക്കില്ലെന്ന് ചിന്തിച്ചാലും നിലവിലുള്ള മുൻകരുതൽ പോലും ഫലപ്രദമായി നടപ്പിലാക്കുവാൻ പലപ്പോഴും കഴിയാത്തതും അപകടങ്ങളുടെ ആഘാതം വർദ്ധിപ്പിക്കുവാൻ കാരണമാകും. പ്രകൃതി ക്ഷോഭങ്ങളെ സാങ്കേതിക വിദ്യകൊണ്ട് നേരിടാം എന്ന സമ്പന്ന രാജ്യങ്ങളുടെ ചിന്തകളുടെ പരിമിതി ഇവിടെ വെളിവാകുന്നു. പ്രകൃതി ദുരന്ത

ങ്ങൾ നൂതന പ്രതിഭാസമല്ല. പ്രകൃതിയുടെ ചാഞ്ചാട്ടങ്ങൾ മനുഷ്യബുദ്ധിക്കതീതമാണെന്നറിഞ്ഞ ആദിമ മനുഷ്യൻ പ്രകൃതിയെ ആദരവോടെ കണ്ടു. എന്നാൽ ആധുനിക മനുഷ്യൻ പ്രകൃതിയെ വരുതിയിലാക്കാം എന്ന് വ്യാമോഹിച്ചു. ഇപ്പോൾ പ്രകൃതിയുടെ കരച്ചിലായി ദുരന്തങ്ങൾ ആവർത്തിക്കുന്നു. പ്രകൃതിയുടെ കരച്ചിൽ കേൾക്കുവാൻ മനുഷ്യകുലത്തിനായിരുന്നെങ്കിൽ! മനുഷ്യൻ പ്രകൃതിയിൽ നിന്നന്യനല്ല, പ്രത്യുത മനുഷ്യൻ തന്നെ പ്രകൃതിയാണ് എന്ന ചിന്ത പ്രബലപ്പെടണം. പ്രകൃതിയോടനുരൂപപ്പെടുന്ന ജീവിതശൈലി നാം ആവിഷ്ക്കരിച്ചേ മതിയാകൂ.

മാർച്ച് 1 അന്താരാഷ്ട്ര സിവിൽ ഡിഫെൻസ് ദിനമായി ആചരിക്കുന്നു. ലോക ക്രമങ്ങളിലെ വിവേചനങ്ങൾക്കെതിരെ മനുഷ്യ മനസാക്ഷിയെ ഉണർത്തുക എന്നതാണ് ഈ ദിനത്തിന്റെ ഉദ്ദേശ്യം. ജാതി, മത, വർണ്ണ, ലിംഗ, ഭാഷാ വ്യത്യാസങ്ങളുടെ പേരിൽ അനേകർ വിവേചനം അനുഭവിക്കുന്നു എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. നമ്മുടെ പ്രവർത്തനങ്ങളിലൂടെയും കാഴ്ചപ്പാടുകളിലൂടെയും എത്രയോ ആളുകളെ നാം വിവേചനങ്ങൾക്കിരയാക്കുന്നു? സാമ്പത്തിക ക്രമങ്ങളിലെ അസമത്വം ഈ വിവേചനത്തിന്റെ ആഴം കൂട്ടുന്നു. മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനമാണ്. വനിതകളുടെമേൽ ലിംഗഭേദത്തിന്റെ ശ്രേണീബദ്ധക്രമങ്ങൾ അടിച്ചേൽപിക്കുന്ന പ്രവണത ഒട്ടും അഭിലഷണീയമല്ല. പരസ്പര ബഹുമാനത്തിന്റെ മൂല്യങ്ങളിലധിഷ്ഠിതമായ ഒരു ജീവിത ക്രമത്തെ സാധ്യമാക്കണം. ഭിന്നഭേദങ്ങളുടെ മധ്യേ നീതിബോധത്തിലുറച്ച സമാധാന ജീവിതം സാധ്യമാക്കാനുള്ള ബാധ്യത ക്രിസ്തു നമ്മെ ഭരമേല്പിച്ചിരിക്കുന്നു.

അമ്പത് വർഷങ്ങളിലധികം അങ്കോല ക്രിസ്തുമിത്ര ആശ്രമത്തിൽ താമസിച്ച് സഭയ്ക്കും സമൂഹത്തിനും ശ്രേഷ്ഠമായ ശുശ്രൂഷ നിർവ്വഹിച്ച സിസ്റ്റർ എം. ടി. ചിന്നമ്മ നമ്മെവിട്ട് കടന്ന്പോയി. കർത്താവിന്റെ വിളികേട്ട് ദൈവ രാജ്യ മൂല്യങ്ങൾക്ക് വേണ്ടി സകലവും വെടിഞ്ഞ് 1959 ൽ തന്റെ 22 -ാം വയസ്സിൽ അങ്കോല ആശ്രമാംഗമായി. തികഞ്ഞ യൗവ്വനത്തിൽ തന്റെ എല്ലാ സ്വപ്നങ്ങളും ബലികഴിച്ച ചിന്നമ്മ സിസ്റ്റർ നീണ്ട 62 വർഷങ്ങൾ അങ്കോലയിലും മുണ്ടുഗോട്ടും ഒരു സന്യാസിനിയായി പ്രവർത്തിച്ചു. 7 വർഷക്കാലം തികച്ചും ശയ്യാവലംബിയായി കർത്തൃദാസി തന്റെ കിടക്കയിൽ കിടന്നും സുവിശേഷം പങ്കിടുകയും, മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മലയാള ത്തിലെ അനേകം ഉണർവ്വ് ഗാനങ്ങൾ കന്നടയിലേക്ക് ഭാഷാന്തരം നടത്തി. മുണ്ടുഗോട്ടുള്ള പാവപ്പെട്ട പെൺകുട്ടി കളെ അങ്കോലയിലെത്തിച്ച് പഠിപ്പിക്കുവാൻ സൗകര്യമൊരുക്കിയിട്ടുണ്ട്. ആ ധന്യ ജീവിതത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുകയും ദുഖത്തിലിരിക്കുന്നവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഏതാനും ആഴ്ചകൾക്ക് മുമ്പ് അന്തരിച്ച ശ്രീ. ടി. സി. മാത്യു (കെ. ആർ. പുരം) കർണ്ണാടകയിലെ നമ്മുടെ സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്ക് വിവിധ തലങ്ങളിൽ നേതൃത്വം നൽകിയ വ്യക്തിയാണ്. ദീർഘ വർഷങ്ങൾ ഹോസ്ക്കോട്ടായിലെയും ശിവനാപുരയിലെയും പ്രവർത്തനങ്ങളുടെയും മാർ ത്തോമ്മാ ഓപ്പർറ്റ്യൂണിറ്റി സ്ക്കൂളിന്റെയും ട്രഷറാർ ആയി പ്രവർത്തിച്ചിട്ടുണ്ട്. ദേവനഹള്ളി സെന്ററിന്റെ വികസനത്തിലും അദ്ദേഹം നിർണ്ണായക പങ്ക് വഹിച്ചു. വൈറ്റ്ഫീൽഡിലെ നമ്മുടെ ഇടവകയുടെ രൂപീകരണത്തിന് നേതൃത്വം നല്കി. ശ്രീ. റ്റി. സി. മാത്യുവിന്റെ ജീവിതത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു.

മാർച്ച് മാസം 7-ാം തീയതി, വലിയ നോമ്പിൽ നാലാം ഞായറാഴ്ച, സഭ ധ്യാനിക്കുന്നത് 'ക്രിസ്തുവിൽ സകലർക്കും രക്ഷ' എന്നതാണ്. സുറഫൊയീനിക്യ വംശജയായ സ്ത്രീയുടെ മകൾക്ക് യേശു സൗഖ്യം നൽകുന്നതാണ് ധ്യാനഭാഗം (മർക്കോസ് 7: 24–30). സോർ, സീദോൻ പ്രദേശത്ത് നിന്ന് യേശുവിന്റെ സമീപത്തേക്ക് എത്തുന്ന സ്ത്രീ നിസ്സഹായതയുടെയും ദൈന്യതയുടെയും പ്രതീകമാണ്. മകളുടെ രോഗാവസ്ഥയോടൊപ്പം സമൂഹം നിർമ്മിച്ച വംശീയ മതിലുകൾ അവളുടെ ജീവിതം ദുരിതപൂർണ്ണമാക്കി. യേശുവിന്റെ പ്രതികരണം യഹൂദാ സമൂഹത്തിൽ നിലനിന്ന ശുദ്ധാശുദ്ധി നിയമങ്ങളുടെയും വംശീയ ധാരണകളുടെയും മനുഷ്യത്വ വിരുദ്ധത തുറന്നു കാട്ടുന്നു. യേശുവിന്റെ വാക്കുകളോടുള്ള സ്ത്രീയുടെ മറുപടി അവളുടെ ആഴമായ വിശ്വാസത്തിൽ അടിസ്ഥാനപ്പെട്ടതാണ്. അത് രോഗസൗഖ്യത്തിന് മുഖാന്തിരമാകുന്നു. വംശത്തിന്റെ പേരിലുള്ള അതിരുകൾ ഭേദിക്കുന്ന വിശ്വാസത്തിന്റെ ഉറപ്പാണ് ഈ വനിത. ക്രിസ്തുവിന്റെ രക്ഷ സകലർക്കും വേണ്ടിയുള്ളതെന്ന് ഈ സൗഖ്യ സംഭവ ത്തിലൂടെ വെളിവാക്കപ്പെടുന്നു. ദൈവരാജ്യത്തിന്റെ വിശാലമായ അനുഭവത്തിൽ പങ്കാളികളാകുവാൻ നോമ്പു കാലം നമ്മെ ആഹ്വാനം ചെയ്യുന്നു.

മാർച്ച് മാസം 14-ാം തീയതി, വലിയ നോമ്പിൽ അഞ്ചാം ഞായറാഴ്ച, യേശു കൂന് ബാധിച്ച സ്ത്രീക്ക് നല്കുന്ന സൗഖ്യത്തെ ആധാരമാക്കി 'ആരാധനയിലൂടെയുള്ള വിടുതൽ' എന്ന വിഷയം സഭ ധ്യാനിക്കുന്നു (ലൂക്കോസ് 13:1017). ഈ സംഭവം ഒരു ശബ്ബത്തിൽ സിനഗോഗ് ആരാധനയുടെ മദ്ധ്യത്തിലാണ് നടക്കുന്നത്. യെരുശലേമിലേക്കുള്ള യേശുവിന്റെ പ്രവേശനമദ്ധ്യേ അത്യന്തം സംഘർഷഭ

രിതമായ ഒരു സാഹചര്യത്തിലാണ് രോഗത്തിന്റെ കാഠിന്യത്താൽ നിവർന്ന് നില്ക്കുവാൻ പോലും കഴിയാത്ത അവസ്ഥയിൽ നിന്ന് യേശുവിന്റെ സൗഖ്യസ്പർശം ഈ സ്ത്രീക്ക് വിടുതൽ നല്കുന്നത്. നിവർന്ന് നില്ക്കുവാൻ കഴിയുന്നത് സ്ത്രീത്വം നഷ്ടപ്പെട്ടുപോയ വ്യക്തിത്വത്തിന്റെ പുനസ്ഥാപനമാണ്. നിവർന്ന് നിന്ന് ദൈവത്തെ മഹത്വപ്പെടുത്തുമ്പോൾ ആരാധനയുടെ പൂർണ്ണതയിലേക്ക് സ്ത്രീ പ്രവേശിക്കുന്നു. ദൈവത്തെ മഹത്വപ്പെടുത്തുന്നതിന് വിഘാതമായി നിൽക്കുന്ന എല്ലാറ്റിൽ നിന്നുമുള്ള വിടുതലിന്റെ ആഘോഷമാകണം യഥാർത്ഥ ആരാധന. ദൈവത്തിന്റെ ഉദ്ദേശ്യത്തിൽ നിന്നും ലോകത്തെ അകറ്റിക്കളയുന്ന സകലത്തിൽ നിന്നും വിടുതലും സൗഖ്യവും പ്രാപിക്കുവാൻ മുഖാന്തിരമാകുന്നത് ദൈവിക ആരാധനയിലാണ്.

മാർച്ച് മാസം 21-ാം തീയതി, വലിയ നോമ്പിൽ ആറാം ഞായറാഴ്ച, 'കുറിയേലായിസ്സോൻ: കണ്ണ് തുറപ്പിക്കുന്ന വിശ്വാസം' എന്നതാണ് ചിന്താവിഷയം. യരുശലേമിലേക്കുള്ള യാത്രയിൽ യെരിഹോവിനടുത്തെത്തുമ്പോൾ കാഴ്ചയില്ലാത്ത വ്യക്തിക്ക് യേശു കാഴ്ച നൽകുന്നതാണ് ധ്യാനഭാഗം (ലൂക്കോസ് 18: 35-43). ആൾക്കൂട്ടത്തിന്റെ ആരവങ്ങളെയും വിലക്കുകളെയും അതിജീവിച്ച് യേശുവിനോട് കരുണ യാചിക്കുവാൻ ധൈര്യപ്പെടുന്നതിലൂടെ തന്റെ ഉറപ്പുള്ള വിശ്വാസവും ആഗ്രഹവും അവൻ പ്രകടിപ്പിക്കുന്നു. കാഴ്ചയുണ്ടെന്നവകാശപ്പെട്ടവർ യേശു 'ദാവീദിന്റെ പുത്രൻ' എന്ന് തിരിച്ചറിയാൻ കഴിയാതിരുന്നപ്പോൾ കാഴ്ചയില്ലെന്ന് ലോകം ചിന്തിച്ച വ്യക്തിയുടെ അധരങ്ങളിൽ നിന്നും അത് പ്രസ്താവിക്കപ്പെടുന്നു. ഒരേ സമയം യേശുവിനെപ്പറ്റിയുള്ള വിശ്വാസപ്രഖ്യാപനവും ദൈവത്തോടുള്ള ഏറ്റം അർത്ഥവത്തായ പ്രാർത്ഥനയും അതിലുണ്ട്. തന്റെ ആവശ്യം ഭിക്ഷയല്ലെന്നും അത് കണ്ണുകൾക്കുള്ള കാഴ്ചയാണെന്നും അർത്ഥശങ്കയ്ക്കിടയില്ലാതെ അവതരിപ്പിച്ചു. യെരുശലേമിലേക്കുള്ള യാത്രയിൽ യേശുവിനെ അനുധാവനം ചെയ്യുന്നതിലൂടെ യഥാർത്ഥ ശിഷ്യത്വത്തിന്റെ മാതൃകയാണ് കാട്ടിത്തരുന്നത്. ബാഹ്യമായ അന്ധകാരത്തെയും, നിശബ്ദമാക്കുവാൻ ആവശ്യപ്പെടുന്ന ശക്തികളെയും അതിജീവിക്കുന്ന വിശ്വാസത്തിലേക്ക് വളരുവാനും ദൗത്യപാതയിൽ യേശുവിനെ അനുഗമിക്കാനും നോമ്പിന്റെ അനുഭവത്തിലൂടെ സഭ ഒരുക്കപ്പെടണം.

മാർച്ച് മാസം 28-ാം തീയതി, ഹോശന്ന ഞായറിൽ 'നിത്യരാജാവായ യേശു' എന്നതാണ് ചിന്താവിഷയം. യേരുശലേമിലേക്കുള്ള യേശുവിന്റെ പ്രവേശനം (മർക്കോസ് 11: 1-11) മ്ശിഹായുടെ എഴുന്നള്ളത്തിനെ പ്രതീകാത്മകമായി സൂചിപ്പിക്കുന്ന രീതിയിലാണ് സംഭവിക്കുന്നത്. റോമൻ സാമ്രാജ്യത്തിന്റെയും ഹെരോദാവിന്റെയും അധികാരരീതികളിൽ നിന്ന് വ്യത്യസ്ഥമായി ദൈവത്താൽ അഭിഷിക്തനായ സൗമ്യതയുള്ള നിത്യരാജാവായിട്ടാണ് യേശുവിന്റെ പ്രവേശനം. അധികാരം പിടിച്ചെടുക്കാനല്ല ദൈവത്തിന്റെ ആധികാരികതയിലേക്കും ദൈവികോദ്ദേശ്യത്തിലേക്കും നഗരത്തെയും ദൈവാലയത്തെയും മടക്കി വരുത്താനാണ് യേശു ശ്രമിക്കുന്നത്. ലോകത്തിന്റെ അധികാര സങ്കല്പങ്ങളിൽ നിന്നും വ്യത്യസ്ഥരായി നിത്യരാജാവായ യേശുവിന്റെ അധികാരത്തിലേക്കും ഉദ്ദേശ്യത്തിലേക്കും വിധേയപ്പെടുവാനും സമൂഹത്തെ പരിവർത്തിപ്പിക്കാനും ഹോശാന്നാ ഞായർ നമ്മെ ആഹ്വാനം ചെയ്യുന്നു.

മാർച്ച് മാസം അവസാനത്തോടെ നാം നോമ്പുനാളുകളിലെ അവസാന വാരത്തിലേക്ക് പ്രവേശിക്കുന്നു. യേശുക്രിസ്തുവിന്റെ പീഡാനുഭവത്തേയും ക്രൂശുമരണത്തേയും ധ്യാനിക്കുകയും നമ്മുടെ ജീവിതത്തിൽ ഒരു പ്രതിസംസ്കൃതിയെ രൂപപ്പെടുത്തുകയും ചെയ്യേണ്ട നാളുകൾ. ആർത്തി സംസ്ക്കാരത്തോടും അതിന്റെ ഭോഗേച്ഛകളോടും വിടപറയാനാവശ്യമായ ആർജ്ജവത്വം നാം സമാഹരിക്കണം. ഭോഗേച്ഛകളെ കുരിശിൽ തറയ്ക്കാൻ സ്വയം തയ്യാറെടുക്കേണ്ട ദിനങ്ങൾ. കൂടുതൽ സമാഹരിക്കണമെന്നത് സാത്താന്യ പരീക്ഷയായി നാം തിരിച്ചറിയണം. ഇത്തരം തിരിച്ചറിവുകളുടെ നാളുകളായി നോമ്പ് മാറുമ്പോൾ വിശ്വാസത്തിന്റെ മൂശയിലൂടെ രൂപപ്പെട്ടുവരുന്ന പ്രതിസംസ്കൃതിയെ നാം ദർശിക്കും. മരുഭൂമിയിൽ സാത്താന്യ പരീക്ഷകളെ യേശു അതിജീവിക്കുന്നത് 'വേണ്ട' എന്ന ബോധ്യത്തിലടിയുറച്ച മറുപടികൾ കൊണ്ടാണ് (മത്താ. 4: 1-10). യേശുവിന്റെ മറുപടികൾ ആർത്തി സംസ്ക്കാരത്തോടുള്ള പ്രതിരോധമായി നമുക്ക് ദർശിക്കാം. നീതിബദ്ധ സമൂഹ നിർമ്മിതി സാധ്യമാക്കുന്ന ധ്യാനാത്മക ജീവിതത്തിന്റെ ഊടും പാവും നെയ്യുവാൻ ഈ നാളുകൾ നമ്മെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

പൂലാത്തീൻ
26.02.2021

ഡോ. തിയഡോഷ്യസ്
മാർത്തോമ്മാ മെത്രാപ്പോലീത്താ